# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2807

12.03.2018-ൽ മറുപടിക്ക്

**മറൈൻ ആംബുലൻസുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി മറൈൻ ആംബുലൻസുകൾ വാങ്ങാൻ 2017-18 വർഷത്തിലെ ബഡ്ജറ്റിൽ നിന്ന് തുക വകയിരുത്തിയിരുന്നോ ; | (എ) & (ബി) | 2017 - 18 സാമ്പത്തിക വർഷത്തിൽ മറൈൻ ആംബുലൻസ് വാങ്ങുന്നതിന് 2405-00-103-86 എന്ന ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി 6 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ഒരു ടെണ്ടർ മാത്രമാണ് ലഭിക്കുകയുണ്ടായത്. ആയത് ഒരു ആംബുലൻസിന് 8.24 കോടി രൂപയുടേതായിരുന്നു. പിന്നീട് മറൈൻ ആംബുലൻസ് യാഥാർത്ഥ്യമാക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ കൊച്ചിൻ ഷി പ്പ്‌യാർഡുമായി ചർച്ചകൾ നടത്തുകയും ഒരു ആംബുലൻസിന് 5.6 കോടി രൂപ (നികുതികൾ ഉൾപ്പെടാതെ) നിരക്കിൽ നിർമ്മിച്ച് തരാൻ ടി സ്ഥാപനം തയ്യാറാകുകയുമുണ്ടായി. എന്നാൽ 3 ആംബുലൻസുകൾ വാങ്ങാൻ തയ്യാറാകേണ്ടതുണ്ട്. ഒരു ആംബുലൻസിന്റെ നിർമ്മാണ ചെലവിന്റെ പകുതിയായ 2.80 കോടി രൂപ CSR സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് സംഭാവന നൽകാനും കൊച്ചിൻ ഷിപ്പ് യാർഡ് തയ്യാറായിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ കൂടി പശ്ചാത്തലത്തിൽ ഒരു മറൈൻ ആംബുലൻസിന് വേണ്ടി വരുന്ന ഏകദേശ തുകയായ 6.08 കോടി രൂപ (നികുതിയും മെഡിക്കൽ ഉപകരണങ്ങളുടെ വിലയും ഉൾപ്പെടെ) CSR സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡും സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഈ വിധത്തിൽ 18.24 കോടി രൂപയ്ക്ക് 3 മറൈൻ ആംബുലൻസുകൾ (ഇതിൽ പകുതിയോളം തുക |
| (ബി) | ഇതുവരെ എത്ര മറൈൻ ആംബുലൻസുകൾ വാങ്ങാൻ സാധിച്ചുവെന്ന് വിശദമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചിൻ ഷിപ്പ് യാർഡ് എന്നിവയുടെ CSR സ്കീമിൽ ഉൾപ്പെടുത്തിയും പകുതി സംസ്ഥാന സർക്കാർ ഫണ്ടിൽ നിന്നും) നിർമ്മിക്കുന്നതിനുള്ള കരാറിൽ ഈ സാമ്പത്തിക വർഷം തന്നെ ഏർപ്പെടുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ